# പതിനാലാം കേരള നിയമസഭ
# (പത്തൊൻപതാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1289** **05.03.2020-ൽ മറുപടിയ്ക്ക്**

## <u>മൾട്ടി സ്പീഷീസ് ഇക്കോ ഹാച്ചറിയുടെ പ്രവർത്തനം</u>

| <u>ചോദ്യം</u><br>ശ്രീ.ആന്റണി ജോൺ | <u>മറുപടി</u><br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) കോതമംഗലം മണ്ഡലത്തിലെ കുരികളം ഭൂതത്താൻ കെട്ട് മൾട്ടി സ്പീഷീസ് ഇക്കോ ഹാച്ചറിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | എ) കോതമംഗലം മണ്ഡലത്തിൽ കുരികളം ഭൂതത്താൻകെട്ട് മൾട്ടി സ്പീഷീസ് ഇക്കോ ഹാച്ചറിയിൽ ഹാച്ചറി കെട്ടിടം, നേഴ്സറി കളങ്ങൾ, ബ്രൂഡ് മത്സ്യകുളം എന്നിവ ഉൾപ്പെടുന്ന ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച്, സർക്കാർ ഫിഷ് സീഡ് ഫാമുകൾ/ഹാച്ചറികൾ എന്നിവിടങ്ങളിൽ നിന്നും മത്സ്യസ്പോൺ എടുത്ത് വളർത്തി ഫിങ്കർലിങ്ക്സ് (4 സെ.മീ) വലുപ്പത്തിലാക്കി കർഷകർക്ക് വിതരണം ചെയ്തുവരുന്നു. ഈ സാമ്പത്തികവർഷത്തിൽ നാളിതുവരെ 6.65 ലക്ഷം മത്സ്യകുഞ്ഞുങ്ങളെ പരിപാലനം നടത്തി കർഷകർക്ക് നൽകിയിട്ടുണ്ട്. |
| ബി) പ്രസ്തുത ഹാച്ചറിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ;<br><br>സി) ഹാച്ചറിയുടെ രണ്ടാംഘട്ട നിർമ്മാണ പ്രവൃത്തികളിൽ എന്തെല്ലാം പദ്ധതി കളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും അതിനുവേണ്ടി എത്ര തുകയുടെ പ്രൊപ്പോസൽ ആണ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;<br><br>ഡി) ഹാച്ചറിയുടെ പൂർണ്ണ തോതിലുള്ള പ്രവർത്തനം എന്നത്തേക്ക് ആരംഭി ക്കുവാൻ കഴിയും എന്ന് വ്യക്ത മാക്കാമോ? | ബി), സി) & ഡി) പ്രസ്തുത ഹാച്ചറിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായി 1120 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഹാച്ചറിയുടെ രണ്ടാംഘട്ട നിർമ്മാണ പ്രവൃത്തികളിൽ വാട്ടർ ടാങ്ക്, ബ്രൂഡ് സ്റ്റോക്ക് പോണ്ട്, റിയറിംഗ് പോണ്ട്, എർത്തേൺ പോണ്ട്, ഇൻറേണൽ റോഡ്, ക്വാർട്ടേഴ്സ്, ചുറ്റമതിൽ , സീഡ് പാക്കിംഗ് ഷെഡ്, കുടിവെള്ള കിണർ എന്നിവയുടെ നിർമ്മാണവും, ഹൈമാസ് ലൈറ്റ്, സി.സി.ടി.വി.ക്യാമറ, എയർ ബ്ലോവർ ഫെസിലിറ്റി, ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് വർക്ക് എന്നീ സംവിധാനങ്ങളുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. നിലവിലെ സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി മത്സ്യകുഞ്ഞുല്പാദനവും വിപണനവും നടത്തി വരുന്നു. ഭരണാനുമതി നൽകിയതിൻ പ്രകാരം പരമാവധി 12 മാസത്തിനകം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ഹാച്ചറി പൂർണ്ണ തോതിൽ മത്സ്യോല്പാദനത്തിന് സജ്ജമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

**സെക്ഷൻ ആഫീസർ**